"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - എറണാകുളം ജില്ലയിലെ കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് - കുടിവെള്ള വിതരണത്തിന് ചെലവായ തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്**

**സ.ഉ.(സാധാ) നം.2356/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 21/12/2020

**പരാമർശം:-** പഞ്ചായത്ത് ഡയറക്ടറുടെ 3.07.2020 ലെ PAN/15806/2019-G1(DP) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിലെ കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് വാർഡ് 11 ലെ തിരുനാരായണപുരം പട്ടികജാതി കോളനിയിലും സമീപപ്രദേശങ്ങളിലും ടാങ്കർ ലോറിയിൽ 01/04/2019 മുതൽ 19/04/2019 വരെ കുടിവെള്ള വിതരണം നടത്തിയ വകയിൽ ചെലവ് വന്നിട്ടുള്ള 165800/- രൂപ അനുവദിക്കുന്നതിന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പഞ്ചായത്ത് കമ്മിറ്റിയുടെ 31/05/2019 ലെ 1(9) നമ്പർ തീരുമാനപ്രകാരം ആവശ്യപ്പെട്ടിരുന്നു. നിലവിലുണ്ടായിരുന്ന കുടിവെള്ള പദ്ധതി തകരാറിലായതിനെ തുടർന്ന് കോളനി നിവാസികൾ നിരന്തരം ആവശ്യപ്പെട്ടതിനെ തുടർന്നാണ് കുടിവെള്ള വിതരണം നടത്തേണ്ട സാഹചര്യം ഉണ്ടായതെന്ന് മേൽ തീരുമാനത്തിൽ പരാമർശിച്ചിട്ടുണ്ട്. 2019-20 ലെ 'വരൾച്ച പ്രദേശങ്ങളിൽ കുടിവെള്ള വിതരണം 'എന്ന പദ്ധതി പ്രകാരം വിവിധ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനായി ടെണ്ടർ ക്ഷണിച്ച് 500 ലിറ്ററിന് 165 രൂപ നിരക്കിൽ കരാർ വെച്ചിട്ടുണ്ടെന്നും ഇത്തരത്തിൽ കുടിവെള്ള വിതരണം ചെയ്യുന്നതിന് ജി.പി.എസ് രേഖകളോ പരിശോധന ഉദ്യോഗസ്ഥരുടെ റിപ്പോർട്ടോ 02/03/2019 ലെ സ.ഉ.(സാധാ) 500/2019/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശിക്കുന്ന വിവരങ്ങളോ ഫയലിൽ ലഭ്യമല്ലെന്നും, എത്ര ലോഡ്, എത്ര ദിവസങ്ങൾ, ഏത് അളവിൽ വിതരണം ചെയ്തു എന്ന വിവരം ഇല്ലാത്തതു കൊണ്ട് തന്നെ അനുവദിക്കേണ്ട തുകയുടെ കൃത്യത ഉറപ്പു വരുത്താൻ സാധിക്കുന്നില്ലെന്നും ഈ കാലയളവിൽ കുടിവെള്ള വിതരണം ചെയ്ത വ്യക്തികളുമായി നിയമാനുസൃത കരാർ ഉണ്ടായിരുന്നില്ലെന്നും പരാമർശ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിലെ കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് വാർഡ് 11 ലെ തിരുനാരായണപുരം പട്ടികജാതി കോളനിയിലും സമീപപ്രദേശങ്ങളിലും ടാങ്കർ ലോറിയിൽ 01/04/2019 മുതൽ 19/04/2019 വരെ കുടിവെള്ള വിതരണം നടത്തിയ വകയിൽ ചെലവ് വന്നിട്ടുള്ള 165800/-രൂപ (ഒരു ലക്ഷത്തി അറുപത്തി അയ്യായിരത്തി എണ്ണൂറ് രൂപ) **<u>ഇത്തരം വീഴ്ച ആവർത്തിക്കരുതെന്ന കർശന നിബന്ധനയോടെ</u>** കരാറുകാരന് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുനിത ഐ**

**ഡെപ്യൂട്ടിസെക്രട്ടറി**

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പ്രസിഡന്റ്/സെക്രട്ടറി, കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്, എറണാകുളം

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signature Not Verified

Digitally signed by S BINDU
Date: 2020.12.21 12:16:54 IST
Reason: Approved